പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4764 — 19/5/2017 ൽ മറുപടിക്ക്

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.**കെ. കെ. രാമചന്ദ്രൻ നായർ**: | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) ആലപ്പുഴ ജില്ലയിൽ രോഗം ബാധിച്ച താറാവുകളുള്ള താറാവ് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. ആലപ്പുഴ ജില്ലയിൽ 2016 ഒക്ടോബർ മാസം പൊട്ടിപ്പുറപ്പെട്ട പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ദ്രുതകർമ്മ സേന മഹസ്സർ രേഖപ്പെടുത്തി കൊന്ന് നശിപ്പിച്ചതും, ചത്ത താറാവ്/കോഴികളുടെ എണ്ണം മഹസ്സർ രേഖപ്പെടുത്തി സംസ്കരിച്ചതുമായ എല്ലാ താറാവ്/കോഴികളുടേയും ഉടമസ്ഥരായ കർഷകർക്ക് 2017 ഫെബ്രുവരിയിൽ നഷ്ടപരിഹാരം നൽകി കഴിഞ്ഞതാണ്. |
| ബി) ചെന്നിത്തല തൃപ്പെരുന്തറയിലെ താറാവ് കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ചെന്നിത്തല തൃപ്പെരുന്തറയിൽ താറാവ് കർഷർക്ക് ദ്രുതകർമ്മ സേന മഹസ്സർ രേഖപ്പെടുത്തി കൊന്ന് നശിപ്പിച്ചതും ചത്ത താറാവ്/കോഴികളുടെ എണ്ണം മഹസ്സർ രേഖപ്പെടുത്തി സംസ്കരിച്ചതുമായ എല്ലാ താറാവ്/കോഴികളുടേയും ഉടമസ്ഥരായ കർഷകർക്ക് 2017 ഫെബ്രുവരിയിൽ നഷ്ടപരിഹാരം വിതരണം ചെയ്തു കഴിഞ്ഞതാണ്. |
| സി) ചെന്നിത്തല ചാങ്ങേത്ത് വീട്ടിൽ കെ.വൈ. വർഗ്ഗീസിന്റെ അപേക്ഷയിൽ നഷ്ടപരിഹാരം വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ ? | സി) കെ.വൈ. വർഗ്ഗീസിന്റെ പരാതി പ്രകാരം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീസറും നടത്തിയ അന്വേഷണത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചശേഷം ടിയാൻ പുറത്തു നിന്നും കൊണ്ടുവന്ന 10500 താറാവുകളെ ദ്രുതകർമ്മ സേനയെക്കൊണ്ട് നശിപ്പിക്കുകയാണ് ചെയ്തത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്തതിനുശേഷം പുറത്തുനിന്ന് കൊണ്ടുവന്ന താറാവുകൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിയില്ല എന്നും മേൽ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന ഉന്നതതല അന്വേഷണ സംഘം ഈ വിഷയം പുനരന്വേഷിക്കുകയും മേൽ റിപ്പോർട്ട് പൂർണ്ണമായും ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പക്ഷിപ്പനിരോഗബാധമൂലം നഷ്ടപ്പെട്ട 7746 താറാവുകൾക്ക് 774600രൂപ മൃഗസംരക്ഷണ വകുപ്പിൽ നിന്നും നഷ്ടപരിഹാരമായി ശ്രീ.കെ.വൈ വർഗ്ഗീസിന് നൽകിയിട്ടുണ്ട്.

സെക്ഷൻഓഫീസർ